പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2574 06.12. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിലെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന മസ്ദൂർ

ചോദ്യം

ശ്രീ.സി.കെ.ഹരീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന മസ്ദൂർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി കോടതി ഉത്തരവ് പ്രകാരം നടത്തിയ പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) നിയമനങ്ങൾ നടത്തിയിട്ടില്ല |
| (ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ, പ്രായപരിധി കഴിഞ്ഞവർ, കൂടിയ വിദ്യാഭ്യാസ യോഗ്യത ഉള്ളവർ, ഇവരുടെ നിയമന സാധ്യത എന്നിവ ഇനംതിരിച്ച് വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായിയെന്നും എത്രപേർക്ക് നിയമനം നൽകാനാകുമെന്നും വിശദമാക്കാമോ? | (ബി) & (സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെക്കൂടി ഉൾപ്പെടുത്തിയും കമ്മ്യൂണൽ റൊട്ടേഷൻ/റിസർവേഷൻ പാലിക്കുന്ന തരത്തിലും പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ-ന്റെ ഐ.ഡി 27/2002-ലെ പാര 48 (എ) & (ഡി)-ൽ പ്രതിപാദിക്കുന്ന പ്രായപരിധിയും പരിഗണിച്ച് കൊണ്ട് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) 30-10-2018-ൽ പി.എസ്.സി.യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ